

കയറ്റുമതി റീഫണ്ട് തടസങ്ങൾ നീക്കി

തിരുവനന്തപുരം: ജി.എസ്.ടി പ്രകാരം കയറ്റുമതിക്കാർക്ക് ഇൻപുട്ട് നികുതി തിരിച്ചുകിട്ടുന്നതിനുള്ള തടസങ്ങൾ ഒഴിവാക്കി ജി.എസ്.ടി വകുപ്പ് ഇന്നലെ സർക്കുലർ പുറത്തിറക്കി. കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി ഇടങ്ങിയവയ്ക്കായി പ്രത്യേക ഉത്തരവുകൾ പുറത്തിറക്കും. സംസ്ഥാന ജി.എസ്.ടി പ്രകാരമുള്ള ഇൻപുട്ട് നൽകിയ ശേഷം റിപ്പോർട്ട് കേന്ദ്രത്തിന് കൈമാറുന്ന മുറയ്ക്ക് അതും ലഭിക്കും. ഇത് രണ്ടും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാന ജി.എസ്.ടി ഡെപ്യൂട്ടി കമ്മിഷണർമാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്.

സയൻസ് ബഡ്ഡീസിന് ഇന്ന് തുടക്കം

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ആർ.എം.എസ്.എ നടപ്പാക്കുന്ന സമഗ്ര പ്രതിഭാ പോഷണ പരിപാടിയായ ടാലന്റ് ഹണ്ടിന്റെ ഭാഗമായ 'സയൻസ് ബഡ്ഡീസ്' പരിപാടി ഇന്ന് തുടങ്ങും. ഒമ്പതാം ക്ലാസിലെ അഞ്ചുലക്ഷത്തോളം വരുന്ന കുട്ടികളിൽനിന്ന് ഭാവി കേരളത്തിന് ദിശാബോധം നൽകാൻ പ്രാപ്തരായ എഴുപത് പ്രതിഭകളെ കണ്ടെത്തി അവരുടെ ശേഷികളെ പരിപോഷിപ്പിക്കുകയാണ് ലക്ഷ്യം.

സോഷ്യൽ ഇന്നൊവേഷൻ, റോബോട്ടിക്സ്, ഐ.ടി, അസ്ട്രോണമി, അനലിറ്റിക്സ് എന്നീ മേഖലകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അഭിരുചി നിർണയ ടെസ്റ്റിലൂടെയും ഓൺലൈൻ സ്ക്രീനിംഗിലൂടെയും വിലയിരുത്തിയാണ് പദ്ധതി നടപ്പാക്കുക. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ മുഴുവൻ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഓരോ സ്കൂളിലും ഇന്ന് നടക്കുന്ന സ്കൂൾതല ടെസ്റ്റിൽ വിജയികളാകുന്ന 20 പേർക്ക് ഓൺലൈൻ സ്ക്രീനിംഗ് ടെസ്റ്റിൽ പങ്കെടുക്കാം. 14 ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 70 കുട്ടികൾക്കാണ് സംസ്ഥാന തല ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

ആലപ്പുഴ മെഡി. കോളേജ് ബ്ലഡ് ബാങ്കിൽ ആറ് തസ്തികകൾ

തിരുവനന്തപുരം: ആലപ്പുഴ ഗവ. മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്കിന്റെ ശാക്തീകരണത്തിന് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആൻഡ് ഇമ്മ്യൂണോ ഹിമറ്റോളജി വിഭാഗത്തിൽ ആറ് പുതിയ തസ്തികൾ സൃഷ്ടിച്ചു. ഒരു അസോസിയേറ്റ് പ്രൊഫസർ, ഒരു സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, ഒരു ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, രണ്ട് ജൂനിയർ ലാബ് അസിസ്റ്റന്റ്, ഒരു മെഡിക്കൽ സോഷ്യൽ വർക്കർ എന്നവയാണ് തസ്തികകൾ.

20,000 യൂണിറ്റിന് മുകളിൽ വാർഷിക രക്തശേഖരണം നടത്തുന്നതാണ് ഈ ബ്ലഡ് ബാങ്ക്. ഇത്രയും രക്ത ശേഖരണം നടത്തുന്ന ബ്ലഡ് ബാങ്കിൽ കൂടുതൽ തസ്തികകളുടെ ആവശ്യകത മനസിലാക്കിയാണ് ഇതനുവദിച്ചതെന്ന് മന്ത്രി കെ.കെ. ശൈലജ പറഞ്ഞു. ഇതിലൂടെ മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യയുടെ എം.ഡി. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ കോഴ്സിനുള്ള അംഗീകാരം നിലനിറുത്തുന്നതിനും രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനും കഴിയുമെന്ന് മന്ത്രി വ്യക്തമാക്കി.

ചെയർമാൻ പദവി ഭാഗ്യനിയോഗം, വെല്ലുവിളികളേറെ: ഡോ. ശിവൻ

◗ പി.എച്ച്. സനൽകുമാർ

ഡോ.കെ. ശിവൻ

തിരുവനന്തപുരം: കൈനിറയെ ദൗത്യങ്ങളും വെല്ലുവിളികളുമാണ് ഐ. എസ്.ആർ.ഒക്ക് മുന്നിലുള്ളത്. പ്രതിഭകൾ ഇരുന്ന പദവിയിലേക്ക് എത്തിത് ഭാഗ്യനിയോഗമായി കാണുന്നു- ഐ.എസ്.ആർ.ഒ ചെയർമാനായി നിയമിതനായ ഡോ. കെ. ശിവൻ പറഞ്ഞു.

നിരവധി വാണിജ്യ വിക്ഷേപണങ്ങൾ സമയം കാത്തു കിടക്കുന്നുണ്ട്. ആറുമാസമായി വിക്ഷേപണങ്ങൾ നടന്നിട്ടില്ല. അതിന്റെ കുറവ് വരും മാസങ്ങളിൽ പരിഹരിക്കണം. ജി-സാറ്റ് 16, ആറ് ടണ്ണിന്റെ ഭീമൻ ഉപഗ്രഹ വിക്ഷേപണം, ചന്ദ്രയാൻ 2, ജി. എസ്. എൽ. വി. മാർക്ക് ത്രീ വിക്ഷേപണം സ്ഥിരമാക്കുക, മാർക്ക് 2ന്റെ വിക്ഷേപണങ്ങൾ തുടങ്ങിയ പദ്ധതികളുണ്ട്. ഇതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കണം.

പ്രഗൽഭരും ഉത്സാഹശാലികളുമായ ശാസ്ത്രജ്ഞരും ജീവനക്കാരുമാണ് ഐ.എസ്.ആർ.ഒയിലുള്ളത്. അവരുടെ കഴിവുകൾ വിനിയോഗിച്ച് അവരുടെ കൂട്ടായ്മയിലൂടെ വിജയങ്ങൾ നേടുകയാണ് ലക്ഷ്യം. ആഗോളതലത്തിൽ ഐ.എസ്.ആർ.ഒയുടെ സൽപേര് കൂടുതൽ തിളക്കമുള്ളതാക്കാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. മറ്റുള്ളവരുടെ കഴിവിനെ കൂടുതൽ വിലമതിക്കും. വി.എസ്.എസ്.സി ഡയറക്ടർ എന്ന നിലയിലും ദൗത്യങ്ങൾ വിജയിപ്പിക്കാൻ സഹായിച്ചത് ഈ സമീപനമാണ്. വീണ്ടും ഉപയോഗിക്കാവുന്ന വിക്ഷേപണ വാഹനം, ബഹിരാകാശ മനുഷ്യ ദൗത്യം, പത്തുടൺ ഭാരമുള്ള ഉപഗ്രഹങ്ങളുടെ വിക്ഷേപണം, സൂര്യ പഠനത്തിനുള്ള ആദിത്യ ദൗത്യം, ചെറിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നതിനുള്ള സോളിഡ് റോക്കറ്റ് നിർമ്മാണം, സെമിക്രയോ എൻജിൻ വികസനം തുടങ്ങിയവ സമയബന്ധിതമായി പൂർത്തിയാക്കും. റോക്കറ്റുകളുടെ ഭാരം കുറച്ച് പേലോഡിന്റെ വലിപ്പം കൂട്ടുന്നതിനുള്ള സങ്കേതത്തിലും ഉപഗ്രഹങ്ങളുടെ ഗതിനിർണയ സംവിധാനം വികസിപ്പിക്കുന്നതിലും വിക്ഷേപണച്ചെലവ് കുറയ്ക്കുന്നതിനുള്ള സ്പെയ്സ് ലോഞ്ചിംഗ് മാനേജ്മെന്റിലും വിദഗ്ദ്ധനാണ് ഡോ. ശിവൻ. വി.എസ്.എസ്.സിയുടെ ചുമതല പുതിയ ഡയറക്ടർക്ക് കൈമാറിയ ശേഷം ജനുവരി മൂന്നാം വാരത്തിൽ പുതിയ ചുമതല ഏറ്റെടുത്തേക്കുമെന്ന് അദ്ദേഹം പറഞ്ഞു.

എസ്. സോമനാഥ് വി. എസ്.എസ്.സി ഡയക്ടറായേക്കും

ഡോ. കെ.ശിവൻ ഐ. എസ്.ആർ.ഒ. ചെയർമാനാകുന്ന ഒഴിവിൽ വി. എസ്.എസ്.സി ഡയറക്ടർ സ്ഥാനത്തേക്ക് വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിന്റെ ഡയറക്ടർ എസ്. സോമനാഥിന് സാദ്ധ്യത ഏറി. ഈയാഴ്ച നിയമനമുണ്ടായേക്കും. കേന്ദ്രമന്ത്രിസഭയുടെ അപ്പോയിന്റ്മെന്റ്സ് കമ്മിറ്റിയാണ് വി.എസ്.എസ്.സി ഡയറക്ടറെ നിയമിക്കുക.

അഹമ്മദാബാദിലെ സ്പെയ്സ് ആപ്ലിക്കേഷൻ സെന്റർ ഡയറക്ടർ ഡോ. തപൻ മിശ്ര, ശ്രീഹരിക്കോട്ടയിലെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ഡയറക്ടർ കുഞ്ഞികൃഷ്ണൻ എന്നിവരെയും പരിഗണിക്കുന്നുണ്ടെന്നാണ് അറിയുന്നത്. കുഞ്ഞികൃഷ്ണൻ സോമനാഥിനെക്കാൾ ജൂനിയറാണ്. പി.എസ്.എൽ. വി, ജി.എസ്.എൽ. വി. തുടങ്ങി വിക്ഷേപണവുമായി ബന്ധപ്പെട്ടുള്ള ദീർഘനാളത്തെ അനുഭവം സോമനാഥിനെ തുണച്ചേക്കും.

ലോകനിലവാരത്തിൽ ആന പരിപാലന കേന്ദ്രം സ്ഥാപിക്കും: മന്ത്രി കെ. രാജു

തിരുവനന്തപുരം: ആന പരിപാലനത്തിനായി ലോകോത്തരനിലവാരമുള്ള 'എലിഫന്റ് മാനേജ്മെന്റ് സെന്റർ' തിരുവനന്തപുരത്ത് സ്ഥാപിക്കുമെന്ന് വനംമന്ത്രി കെ. രാജു പറഞ്ഞു. ഈ കേന്ദ്രം രാജ്യത്തിന് തന്നെ മാതൃകയായിരിക്കും. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ കാട്ടാന സംരക്ഷണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ദ്വിദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസമേഖലകളിലെത്തിയാൽ ജനങ്ങളുടെ സഹായത്തോടെ ഉദ്യോഗസ്ഥർക്ക് എസ്.എം.എസ് നൽകുന്ന സംവിധാനവും നടപ്പാക്കി. ഇത് ഫലപ്രദമാണെന്നാണ് വിവരം. നിലവിൽ ജനവാസമേഖലയിൽ എത്തുന്ന കാട്ടാനകളെ അകറ്റുന്നതിന് പരമ്പരാഗത മാർഗങ്ങളാണ് കേരളം സ്വീകരിക്കുന്നത്. ഇതിനുവേണ്ടിയാണ് ജനജാഗ്രതാസമിതികൾക്ക് തുടക്കമിട്ടത്. വാഴച്ചാൽ, മലയാറ്റൂർ മേഖലയിൽ കൊമ്പിനുവേണ്ടി ആനകളെ കൊലപ്പെടുത്തിയത് ഞെട്ടലോടെയാണ് കണ്ടത്. വനംവകുപ്പിന്റെ ഇടപെടലിൽ പ്രതികളെ പിടികൂടിയിരുന്നു. 479 കിലോഗ്രാം ആനക്കൊമ്പ് കണ്ടെടുത്തു. ഈ സംഭവത്തിൽ അന്തർദ്ദേശീയ കള്ളക്കടത്ത് സംഘങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് മനസിലാക്കുന്നത്. കേസ് സി.ബി.ഐ അന്വേഷിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാമന്ത്രാലയം അഡിഷണൽ ഡയറക്ടർ ജനറൽ എം.എസ്. നേഗി, വനം വകുപ്പ് മേധാവി ഡോ. അനിൽകുമാർ ഭരദ്വാജ്, വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യ ഡയറക്ടർ ഡോ. വി.ബി. മാഥൂർ, വനം ഐ.ജി നോയൽ തോമസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പി.കെ. കേശവൻ എന്നിവർ സംസാരിച്ചു.

കൊച്ചുവേളി-മൈസൂർ പ്രതിവാര ട്രെയിൻ ഉടൻ

ന്യൂഡൽഹി: കൊച്ചുവേളിയിൽ നിന്നും ബംഗളൂരു വഴി മൈസൂറിലേക്ക് പ്രഖ്യാപിച്ച പ്രതിവാര എക്സ്പ്രസ് ട്രെയിൻ ഈ മാസം തുടങ്ങിയേക്കുമെന്ന് റെയിൽവേ അറിയിച്ചു. കോച്ചുകൾ ലഭ്യമല്ലാത്തതിനാൽ തിരുവനന്തപുരം-കണ്ണൂർ ശതാബ്ദി വൈകുമെന്നും കൊടിക്കുന്നിൽ സുരേഷ് എം.പിയുമായുള്ള ചർച്ചയിൽ റെയിൽവേ ബോർഡ് പ്രിൻസിപ്പൽ അഡ്വൈസർ (കോച്ച്സ്) രാജീവ് സാഗ്സേന അറിയിച്ചു.

വൈകുന്നേരത്തെ കോട്ടയം-കൊല്ലം പാസഞ്ചറിന് പകരം മെമു അനുവദിക്കുന്നതും ഇപ്പോൾ ഓടുന്ന മെമുവിൽ എട്ടിന് പകരം 12 കോച്ചുകൾ അനുവദിക്കുന്നതും പരിഗണിക്കും. പുനലൂർ-ചെങ്കോട്ട ലൈനിൽ കൊല്ലത്തു നിന്ന് സർവ്വീസ് നടത്തിയിരുന്ന എല്ലാ ട്രെയിനുകളും പുന:സ്ഥാപിക്കണമെന്ന് കൊടിക്കുന്നിൽ സുരേഷ് ആവശ്യപ്പെട്ടു. പാലക്കാട്-പൊള്ളാച്ചി പാതയിൽ ഗേജ്മാറ്റത്തിന് ശേഷം സർവീസുകൾ സാധാരണ നിലയിലാകാൻ ഒരുവർഷമെടുത്തു. ചെങ്കോട്ട ലൈനിൽ താമസം പാടില്ലെന്നും ചില ട്രെയിനുകളുടെ സർവ്വീസ് നീട്ടണമെന്നും എം.പി ആവശ്യപ്പെട്ടു. എം.പി ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ: പാതയിൽ ദീർഘദൂര സർവീസുകൾ തുടങ്ങുക, ഡെമു സർവീസ് തുടങ്ങുക, പാസഞ്ചർ ട്രെയിനുകൾ വർദ്ധിപ്പിക്കുക, കൊല്ലം-ചെങ്കോട്ട-തിരുനെൽവേലി ലൈൻ വൈദ്യുതീകരണം, കുണ്ടറ, ആവണീശ്വരം, സ്റ്റേഷനുകളിൽ മേൽപ്പാലം, എഴുകോൺ, കുരസ്റ്റേഷനുകളിലെ പ്ലാറ്റ്ഫോമം തലം ഉയർത്തൽ. കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റ് സംവിധാനം.

നാല് എം.എൽ.എമാരുടെ കണ്ണട വില 1.81 ലക്ഷം

◗ രാഹുൽ ചന്ദ്രശേഖർ

KAUMUDI SPECIAL

കോട്ടയം: മന്ത്രി കെ.കെ. ശൈലജ 27,000 രൂപയുടെ കണ്ണടയാണ് വാങ്ങിയതെങ്കിൽ നാല് ഭരണപക്ഷ എം. എൽ. എമാർ വാങ്ങിയ കണ്ണടകൾക്ക് ശരാശരി 45,000 രൂപ വില വന്നു. ഇതുവഴി സർക്കാർ ഖജനാവിന് ആകെ ചെലവായത് 1.81 ലക്ഷം രൂപ! നിയമപരമായി തെറ്റില്ലെങ്കിലും സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനിടെ ഭരണപക്ഷ എം.എൽ. എമാർ ധൂർത്ത് നടത്തിയെന്ന് ആക്ഷേപമുണ്ട്. എൽ. ഡി. എഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം എം. എൽ. എമാർ ചികിത്സാ ചെലവ് ഇനത്തിൽ കൈപ്പറ്റിയ തുക സംബന്ധിച്ച വിവരാവകാശ രേഖയിലാണ് കണ്ണടകൾക്കായി ഇത്രയും രൂപ റീ ഇമ്പേഴ്സ് ചെയ്ത വിവരമുള്ളത്. സി.പി.ഐ പ്രതിനിധി ചിറ്റയം ഗോപകുമാറും ആർ.എസ്.പി (ലെനിനിസ്റ്റ്) നേതാവായ കോവൂർ കുഞ്ഞുമോനും ജൂൺ 30ന് പണം കൈപ്പറ്റി. എ.എം. ആരിഫിന് മാർച്ച് 15നും ആംഗ്ലോ ഇന്ത്യൻ പ്രതിനിധി ജോൺ ഫെർണാണ്ടസിന് മേയ് 17നും പണം കിട്ടി.

കണ്ണട കണക്കിങ്ങനെ

ചിറ്റയം ഗോപകുമാർ- 48,000 രൂപ
കോവൂർ കുഞ്ഞുമോൻ- 44,000
ജോൺ ഫെർണാണ്ടസ്- 45,700
എ.എം. ആരിഫ്- 43,800

സി.ബി.എസ്.ഇ പരീക്ഷ ടൈംടേബിൾ

തിരുവനന്തപുരം: സി.ബി.എസ്.ഇ 10, 12 ക്ലാസുകളിലെ പരീക്ഷ മാർച്ച് 5ന് തുടങ്ങും. പത്താം ക്ലാസ് പരീക്ഷ ഏപ്രിൽ 4നും പന്ത്രണ്ടിന്റെ പരീക്ഷ 12നും അവസാനിക്കും. ടൈംടേബിൾ ഇങ്ങനെ:

പത്താം ക്ലാസ്- മാർച്ച് 6 ഹിന്ദി, 12 ഇംഗ്ലീഷ്, 16 സോഷ്യൽ സയൻസ്, 20 മലയാളം, 22 സാമൂഹ്യശാസ്ത്രം, 24 ഹോം സയൻസ്, 28 മാത്സ്, ഏപ്രിൽ 2 ഫ്രഞ്ച്, സംസ്കൃതം, ഉറുദു, 3 തെലുങ്ക്, ബിസിനസ്, 4 പെയിന്റിംഗ്.

പന്ത്രണ്ടാം ക്ലാസ്- മാർച്ച് 5 ഇംഗ്ലീഷ്, 7 ഫിസിക്സ്, 9 ബിസിനസ് സ്റ്റഡീസ്, 13 കെമിസ്ട്രി, 15 അക്കൗണ്ടൻസി, 17 ജോഗ്രഫി, 20 ഹിസ്റ്ററി, 23 കമ്പ്യൂട്ടർ സയൻസ്, 26 ഇക്കണോമിക്സ്, 27 ബയോളജി, ഏപ്രിൽ 3 മലയാളം, 6 പൊളിറ്റിക്കൽ സയൻസ്, 10 സോഷ്യോളജി, 12 ഹോം സയൻസ്.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഐ.എസ്.ഒ അംഗീകാരം

തിരുവനന്തപുരം: മികച്ച സേവനങ്ങൾ പരിഗണിച്ച് സംസ്ഥാന തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു. ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസിനും തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിനുമാണ് സർട്ടിഫിക്കറ്റ് ലഭിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് ഒരു ക്ഷേമനിധി ബോർഡിന് ഈ അംഗീകാരം ലഭിക്കുന്നതെന്ന് മന്ത്രി ടി.പി. രാമകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എട്ടുലക്ഷത്തോളം തൊഴിലാളികളാണ് ബോർഡിലുള്ളത്. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ 1.60 ലക്ഷം തൊഴിലാളികൾക്കായി 50 കോടി രൂപ വിവിധ ആനുകൂല്യങ്ങൾക്കായി വിതരണം ചെയ്തു. 40,000 പേർക്ക് പെൻഷൻ നൽകുന്നുണ്ട്. നിലവിലുള്ള 1100 രൂപ പെൻഷൻ ഏപ്രിൽ മുതൽ 1200 ആക്കും. ഓഫീസ് പ്രവർത്തനങ്ങൾ നവീകരിക്കുകയും ആനുകൂല്യങ്ങൾ കാലതാമസമില്ലാതെ നൽകുകയും ചെയ്തതാണ ബോർഡിന് അംഗീകാരം കിട്ടാൻ കാരണം. തൊഴിൽ വകുപ്പിന കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകൾ വഴി കഴിഞ്ഞ വർഷം 526 കോടി രൂപ പെൻഷനായി വിതരണം ചെയ്തു. സമാന സ്വഭാവമുള്ള ബോർഡുകൾ സമന്വയിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. തൊഴിൽ വകുപ്പ് സെക്രട്ടറി ടോം ജോസ്, ലേബർ കമ്മീഷണർ കെ. ബിജു, ബോർഡ് ചെയർപേഴ്സൺ ജി. രാജമ്മ, സി.ഇ.ഒ പി. രഞ്ജിത്ത് മനോഹർ എന്നിവരും പങ്കെടുത്തു.

വിളംബരം

ബി.ടെക് ഫലം

കേരള യൂണിവേഴ്സിറ്റി 2017 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് ബിരുദ (2008 സ്കീം) (സപ്ലിമെന്ററി, ട്രാൻസിറ്ററി, മേഴ്സി ചാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 31. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

പരീക്ഷാ ഫ്രണ്ട് ഓഫീസ്

എം. ജി സർവകലാശാല സർവകലാശാലയിൽ മുഴുവൻ സമയ വിദ്യാർത്ഥിസേവന പദ്ധതിയുടെ ഭാഗമായി പരീക്ഷാഭവനിൽ ഫ്രണ്ട് ഓഫീസ് എല്ലാ പ്രവൃത്തിദിനങ്ങളിലും രാവിലെ 7.15 മുതൽ വൈകീട്ട് 7.15 വരെ ഉണ്ടാകും. പരീക്ഷാ സംബന്ധമായ അന്വേഷണങ്ങളും അപേക്ഷകളും പരാതികളും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കും. സാധാരണ ഓഫീസ് സമയത്തുള്ള വിദ്യാർത്ഥി ഹെൽപ്പ് ഡെസ്കിന്റെ സേവനങ്ങൾക്ക് പുറമെയാണിത്. ഫ്രണ്ട് ഓഫീസ് ഫോൺ നമ്പരുകൾ: 0481 2731000, 2732636, 8330013004, 8330013005, 8330013006, 8330013007, 8330013008, 8330013009.

വിദൂരവിദ്യാഭ്യാസം ഡിഗ്രി പരീക്ഷ

കണ്ണൂർ യൂണിവേഴ്സിറ്റി അവസാനവർഷ ബി.എ/ ബി.എസ്‌സി/ ബി.കോം/ ബി.ബി.എ/ ബി.സി / ബി.എ അഫ്സൽ-ഉൽ-ഉലമ (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഏപ്രിൽ 4ന് ആരംഭിക്കും. ഓൺലൈൻ രജിസ്ട്രേഷൻ 22ന് ആരംഭിക്കും. അപേക്ഷകൾ പിഴ കൂടാതെ ഫെബ്രുവരി 9 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 14 വരെയും സമർപ്പിക്കാം. അപേക്ഷയുടെ പ്രിന്റൗട്ട് ചലാൻ സഹിതം ഫെബ്രുവരി 21 വരെ സർവകലാശാലയിൽ സ്വീകരിക്കും. ഫീസ്: തിയറി: റഗുലർ-70 രൂപ (ബി.സി.എ-120), സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്-100 രൂപ (ബിസിഎ-130), പ്രാക്ടിക്കൽ-80 രൂപ, പ്രോജക്ട്-70 രൂപ (ബിസിഎ-200), വൈവ-110 രൂപ, മാർക്ക് ലിസ്റ്റ്-60 രൂപ, ക്യാമ്പ് ഫീസ്-150 രൂപ, സെന്റർ ഫീ-25 രൂപ, അപേക്ഷാഫോം ഫീസ്-40 രൂപ.

എ പ്ലസ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വർണമെഡൽ വിതരണം ചെയ്തു

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് ഏർപ്പെടുത്തിയ സ്വർണമെഡൽ വിതരണം ചെയ്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ 360 കുട്ടികൾക്കുള്ള മെഡൽ വിതരണം മണ്ണന്തല അംബേദ്കർ ഭവനിൽ പട്ടികജാതി പട്ടികവർഗ വകുപ്പ് മന്ത്രി എ.കെ ബാലൻ ഉദ്ഘാടനം ചെയ്തു. മികച്ച വിദ്യാഭ്യാസത്തിലൂടെയും തൊഴിലിലൂടെയും മാത്രമേ പട്ടിക വിഭാഗങ്ങൾക്ക് മുന്നേറാൻ സാധിക്കുകയുള്ളുവെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

വിദേശപഠനം, വിദേശ തൊഴിൽ ഉൾപ്പെടെയുള്ള സാധ്യതകൾ കുട്ടികൾ ഉപയോഗപ്പെടുത്തണം. ഇക്കാര്യത്തിൽ ഇവിടെ നിലവിലില്ലാത്ത കോഴ്സുകൾ അംഗീകാരമുള്ള വിദേശ സർവകലാശാലകളിൽ പഠിക്കണമെന്ന നിബന്ധന മാത്രമാണുള്ളതെന്നും മന്ത്രി പറഞ്ഞു. ലംപ്സം ഗ്രാന്റിനൊപ്പം രണ്ടായിരം രൂപ പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സർക്കാർ നൽകുന്നുണ്ട്. എം.ആർ.എസുകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പാലക്കാട്ടെ പട്ടികവിഭാഗങ്ങൾക്കായുള്ള മെഡിക്കൽ കോളേജ് ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ 760 കുട്ടികളാണ് സ്വർണമെഡലിന് അർഹരായത്. ചടങ്ങിൽ മേയർ വി കെ പ്രശാന്ത്, നഗരസഭാ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആർ ഗീത ഗോപാൽ, കൗൺസിലർ എൻ അനിൽകുമാർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പി എം അലി അസ്ഗർ പാഷ തുടങ്ങിയവർ സംബന്ധിച്ചു.

മേട്രൺ കം റസിഡന്റ് ട്യൂട്ടർ നിയമനം

അതിയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ കീഴിൽ വെങ്ങാനൂർ ചാവടിനടയിൽ പ്രവർത്തിക്കുന്ന പ്രീമെടിക് ഹേസ്റ്റലിൽ (ഗേൾസ്) കരാർ അടിസ്ഥാനത്തില മേട്രൺ കം റസിഡന്റ് ട്യൂട്ടറെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ബിരുദവും ബി. എഡും ഉള്ളവരായിക്കണം. പ്രവൃത്തി സമയം വൈകിട്ട് നാല് മണി മതൽ രാവിലെ എട്ട് മണി വരെ. 2018 മാർച്ച് 31 വരെയാണ് കരാർ നിയമനം. താൽപര്യമുള്ളവർ ജനുവരി 18 അഞ്ച്മണിക്കകം ബയോഡേറ്റയും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം അതിയന്നൂർ ബ്ലോക്ക് പക്കികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

മെഡിക്കൽ പ്രവേശനം: പരാതികൾ അറിയിക്കാം

കണ്ണൂർ മെഡിക്കൽ കോളേജ്, കരുണ മെഡിക്കൽ കോളേജ്, എസ്.യു.ടി അക്കാഡമി ഒഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ 2016-17 വർഷത്തെ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയുഷ്, ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കോമ്പീറ്റന്റ് അതോറിറ്റിയുമായ ബി. ശ്രീനിവാസിന് സമർപ്പിക്കാം. സെക്രട്ടേറിയറ്റ് അനക്സ് ഒന്നിലാണ് ഓഫീസ്. srinivasanurag@gmail.com, ayush@kerala.gov.in എന്നീ ഇ-മെയിലിലും അയയ്ക്കാം.

കംപ്യൂട്ടർ പ്രോഗ്രാമർ ഒഴിവ്

ഐ.എച്ച്.ആർ.ഡി യുടെ തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്ത് പുതുപ്പള്ളി ലെയിനിലുള്ള റീജിയണൽ സെന്ററിൽ കമ്പ്യൂട്ടർ പ്രോഗ്രാമറുടെ താൽക്കാലിക ഒഴിവുണ്ട്. അപേക്ഷകർ ഡിഗ്രിയും പി.ജി.ഡി.സി.എയും അല്ലെങ്കിൽ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് യോഗ്യത ഉള്ളവർ ആയിരിക്കണം. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റും ബയോഡേറ്റയുമായി 16ന് രാവിലെ 10.30ന് അഭിമുഖത്തിനെത്തണം. കൂടുതൽ വിവരങ്ങൾക്ക് 0471-2550612.

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഒഴിവ്

ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ഇൻഫർമേഷൻ കം റിസർച്ച് ഓഫീസർ (എം.ബി.എ/പി.ജിയും അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവും) തസ്തികയിലും കാസർകോഡ് പരിശീലന കേന്ദ്രത്തിലെ ക്ലാർക്ക് തസ്തികയിലും കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കോ സ്ഥിരനിയമനം/ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം നടത്തുന്നതുവരെയോ നിയമിക്കുന്നതിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഇൻഫർമേഷൻ കം റിസർച്ച് ഓഫീസർ തസ്തികയിലേക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 17ന് രാവിലെ 11 മണിക്കും ക്ലാർക്ക് തസ്തികയിലേക്ക് രാവിലെ 11.30നും ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ മാമ്പാകെ ഹാജരാകണം.

നിയുക്തി ജോബ്ഫെയർ

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സേഞ്ചുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെയും സഹകരണത്തോടെ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിൽ 'നിയുക്തി 2018' മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിക്കും. ജനുവരി 20ന് കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകൾ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിലും ഫെബ്രുവരി 10ന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ മലബാർ ക്രിസ്ത്യൻ കോളേജിലും ഫെബ്രുവരി 17ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലുമാണ് ജോബ്ഫെയർ സംഘടിപ്പിക്കുന്നത്. ഉദ്യാഗാർത്ഥികൾ www.jobfest.gov.in എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ സൗജന്യമാണ്.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

പരീക്ഷ മാറ്റി

ജനുവരി 15ന് ആരംഭിക്കുന്ന ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (തിരുവനന്തപുരം ഗവ. വിമൻസ് കോളേജ്) പരീക്ഷ ജനുവരി 29 ലേക്ക് മാറ്റി വച്ചു. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

അന്തരാഷാട്ര ശില്പശാല

അറബി വിഭാഗം സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷനുമായി സഹകരിച്ച് ഫെബ്രുവരി 17, 18 തീയതികളിലായി കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ദ്വിദിന ശിൽപശാല സംഘടിപ്പിക്കുന്നു. 'അറബി ഗവേഷണ രീതി ശാസ്ത്രം' എന്ന തലക്കെട്ടിൽ നടക്കുന്ന ശില്പശാലക്ക് തബൂക്ക് സർവകലാശാല അസോസിയേറ്റ് പ്രൊഫസർ ഡോ. മനറൽ നജ്ജാർ നേതൃത്വം നൽകും. അറബി ഭാഷയിൽ ഗവേഷണം നടത്തുന്ന മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. രജിസ്ട്രേഷനായി ഫോൺ: 9847053340.

എം.ഫിൽ ഫലം

2017 ഒക്ടോബറിൽ നടത്തിയ എം.ഫിൽ ഫ്യൂച്ചർ സ്റ്റഡീസ്, സോഷ്യോളജി (2016-17 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

എൽ.എൽ.ബി വൈവ പരീക്ഷ

2017 സെപ്റ്റംബറിൽ നടത്തിയ മൂന്നാം വർഷ (ത്രിവത്സരം) (1998-ന് മുമ്പുള്ള അഡ്മിഷൻ) (പഴയ സ്കീം) (മേഴ്സി ചാൻസ്), മൂന്നാം വർഷ (ത്രിവത്സരം) & അഞ്ചാം വർഷ (പഞ്ചവത്സരം) (1998 അഡ്മിഷൻ) (പുതിയ സ്കീം - മേഴ്സി ചാൻസ്) എൽ.എൽ.ബി പരീക്ഷയുടെ വൈവ പരീക്ഷ ജനുവരി 23-ന് യൂണിവേഴ്സിറ്റിയുടെ ഐ.ക്യു.എ.സി റൂമിൽ വച്ച് 10 മണിക്ക് നടക്കുന്നതാണ്. ഈ പരീക്ഷകളുടെ മൂട്ട് കോർട്ടിൽ പങ്കെടുത്തിട്ടില്ലാത്തവർ പ്രസ്തുത കോളേജുമായി ജനുവരി 20ന് മുൻപ് ബന്ധപ്പെട്ട് മൂട്ട് കോർട്ടിൽ പങ്കെടുക്കേണ്ടതാണ്.

ജനറൽ ബോഡി മീറ്റിംഗ് മാറ്റി വച്ചു

കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനീയറിംഗ് കോളേജിലെ ജനുവരി 13ന് നടത്താനിരുന്ന പി.റ്റി.എയുടെ വാർഷിക ജനറൽ ബോഡി മീറ്റിംഗ് മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

കാലിക്കറ്റ്
www.universityofcalicut.info

സപ്ലിമെന്ററി പരീക്ഷ

എല്ലാ അവസരങ്ങളും കഴിഞ്ഞ എം. ബി.എ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ നടത്തുന്നു. അപേക്ഷ സാധാരണ ഫോമിൽ (ഒരോ സെമസ്റ്ററിനും വെവ്വേറെ) ജനുവരി 31-നകം സമർപ്പിക്കണം. പരീക്ഷാഫീ: പേപ്പറൊന്നിന് 2,500 രൂപ. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ചലാൻ സഹിതം അപേക്ഷിക്കണം. വിജ്ഞാപനം പരിശോധിച്ച് മാത്രം അപേക്ഷ സമർപ്പിക്കുക.

ബി.എഡ് കേന്ദ്രങ്ങളിൽ കരാർ നിയമനം

ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങളിൽ ബി.എഡ് കോഴ്സിന് പ്രിൻസിപ്പൽ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ (കൊമേഴ്സ് ഒഴികെ) കരാർ നിയമനത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അവസാന തിയതി ഫെബ്രുവരി ഒമ്പത്. പ്രായപരിധി: 2018 ജനുവരി ഒന്നിന് 35 വയസ്. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് ഇല്ലാത്തവരെയും പരിഗണിക്കും. വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

ഐ.ഡി കാർഡ്

2017-18 വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മോഡിൽ രജിസ്റ്റർ ചെയ്ത ബിരുദ വിദ്യാർത്ഥികൾക്ക് ഐഡന്റിറ്റി കാർഡുകൾ ജനുവരി 12 മുതൽ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷയിൽ ന്യൂനതകൾ ഉള്ളവർക്ക് പരിഹരിച്ചതിന് ശേഷം മാത്രമേ ഐഡി കാർഡ് ഡൗൺലോഡ് ചെയ്യാൻ കഴിയൂ. ഐഡി കാർഡിൽ അപാകതകൾ കാണുന്ന പക്ഷം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ബന്ധപ്പെട്ട് പരിഹരിക്കണം. ഫോൺ: 0494 2407356 (എൻക്വയറി), 0494 2407371, 2407469, 2407512 (സെക്ഷനുകൾ).

പഠനസാമഗ്രി വിതരണവും കോൺടാക്ട് ക്ലാസും

വിദൂരവിദ്യാഭ്യാസം യു.ജി (സി.യു.സി.ബി.സി.എസ്.എസ്) ഒന്നാം സെമസ്റ്റർ (2017 പ്രവേശനം) വിദ്യാർത്ഥികൾക്കുള്ള പഠനസാമഗ്രി വിതരണം ജനുവരി 13-ന് നടക്കും. കോൺടാക്ട് ക്ലാസ് ജനുവരി 14-ന് ആരംഭിക്കും. ബി.എസ്.സി മാത്സ് കോൺടാക്ട് ക്ലാസ് ജനുവരി 13-ന് ഉച്ചക്ക് ശേഷം നടക്കും. ടീച്ചർ എഡ്യുക്കേഷൻ കേന്ദ്രങ്ങളിൽ കോൺടാക്ട് ക്ലാസും പഠനസാമഗ്രി വിതരണവും ഉണ്ടായിരിക്കുന്നതല്ല. വിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 0494 2400288, 2407356.

കണ്ണൂർ
www.kannuruniversity.ac.in

എം.ഫിൽ പരീക്ഷാഫലം

ഒന്നും രണ്ടും സെമസ്റ്റർ എം.ഫിൽ ആന്ത്രപ്പോളജി (ആഗസ്റ്റ് 2015, മേയ് 2016) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ബി.പി.ടി പരീക്ഷാഫലം

മൂന്നാം വർഷ ബി.പി.ടി ജൂൺ 2017 (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധികരിച്ചു. ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധനയ്ക്കും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ 24 വരെ സ്വീകരിക്കും.

പരീക്ഷകൾ 17 ന്

മാങ്ങാട്ടുപറമ്പ് പഠനവകുപ്പിലെ അഞ്ചാം സെമസ്റ്റർ എം. സി.എ ലാറ്ററൽ എൻട്രി പരീക്ഷകൾ 17ന് ആരംഭിക്കും. പരീക്ഷാ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ബി.ടെക് പരീക്ഷകൾ

ഏഴും എട്ടും സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി - 2006നും അതിന് മുൻപുമുള്ള അഡ്മിഷൻ -മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം 17, 31 തീയതികളിൽ ആരംഭിക്കും. കണ്ണൂർ ഗവ. എൻജിനിയറിംഗ് കോളേജാണ് പരീക്ഷാകേന്ദ്രം. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

എം.ജി
www.mgu.ac.in

അപേക്ഷാ തീയതി

സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിനു കീഴിലുള്ള തൊടുപുഴ, പുല്ലരിക്കുന്ന് എൻജിനിയറിംഗ് കോളേജുകളിലെ ഒന്നും, മൂന്നും സെമസ്റ്റർ ബി.ടെക് പരീക്ഷാഫീസ് പിഴയില്ലാതെ 12 വരെ സ്വീകരിക്കും. നാലാം സെമസ്റ്റർ എം.പി.എഡ്. (2015 അഡ്മിഷൻ റഗുലർ/2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ 23ന് ആരംഭിക്കും. പിഴയില്ലാതെ 13 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. നാലാം സെമസ്റ്റർ റഗുലർ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് ഫീസായി 100 രൂപയും അടയ്ക്കണം.